പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 26.06.2014 -ൽ മറുപടി
ചോദ്യം നം : 4418 — നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ലഭിച്ച ഭൂമിയുടെ വാസയോഗ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ. ബാലൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ്കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഏതുവർഷം കണ്ടെത്തിയ കണക്കാണുള്ളത്; | (എ) സംസ്ഥാനത്തെ ഭൂരഹിതരായവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഒന്നാംഘട്ടമായി 2,92,012 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തിയ അന്വേഷണത്തിൽ സംസ്ഥാനത്ത് 243928 പേരെ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. കണ്ടെത്തിയിരുന്നു. 01-01-2014 മുതൽ പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് 67281 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഇവയിൽ ഉൾപ്പെട്ട ഭൂരഹിത കുടുംബങ്ങളുടെ എണ്ണം കൃത്യമായി ഇപ്പോൾ കണക്കാക്കിയിട്ടില്ല. അന്വേഷണ നടപടികൾ പൂർത്തിയായാൽ മാത്രമേ ഇവയിൽ ഉൾപ്പെട്ട ഭൂരഹിത കുടുംബങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കുവാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| (ബി) ഈ സർക്കാർ വന്നതിന് ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ട്; ഒരാൾക്ക് നൽകിയ ഭൂമിയുടെ അളവ് എത്ര; ഭൂമി ലഭിച്ചവരുടെ എണ്ണവും ലഭിച്ച സ്ഥലവും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാംഘട്ടമായി 36,422 പേർക്ക് 3 സെന്റ് ഭൂമി വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ പട്ടിക വർഗത്തിൽപ്പെട്ട 68 ഗുണഭോക്താക്കൾക്ക് ഒരു ഏക്കർ വീതം ഭൂമിയും അനുവദിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭൂമികളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) എത്രപേർ ഭൂമിയുടെ പട്ടയവും, റവന്യൂ രേഖകളും കൈപ്പറ്റി ഭൂമി ഏറ്റെടുത്തിട്ടുണ്ട്;ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ നൽകുമോ; | (സി) പട്ടയവും ഭൂമിയുടെ കൈവശവും കൈമാറുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നു വരികയാണ് ജില്ലകളിൽ ഇതിനകം കൈമാറിക്കഴിഞ്ഞ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 447 |
| കൊല്ലം | 588 |
| പത്തനംതിട്ട | 376 |
| ആലപ്പുഴ | 164 |
| കോട്ടയം | 241 |
| ഇടുക്കി | 529 |
| എറണാകുളം | 663 |
| തൃശ്ശൂർ | 313 |
| പാലക്കാട് | 1014 |
| മലപ്പുറം | 765 |
| കോഴിക്കോട് | 988 |
| വയനാട് | 719 |
| കണ്ണൂർ | 7291 |
| കാസർഗോഡ് | 452 |
| ആകെ | 14550 |

...... 3

(ഡി) വാസയോഗ്യമല്ലാത്ത ഭൂമി എന്നാരോപിച്ച് രേഖകൾ കൈപ്പറ്റാത്തവരുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; ഏതെല്ലാം ഭൂമിയാണ് വാസയോഗ്യമല്ല എന്ന് കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് പകരം വാസയോഗ്യമായ ഭൂമി നല്കുമോ; എത്ര പേരാണ് ഇപ്രകാരം കൈപ്പറ്റാനുള്ളത്?

(ഡി) വീട് വയ്ക്കുവാൻ അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് വിനിയോഗിക്കുന്നത്. പാലക്കാട് ജില്ലയിൽ പട്ടയം ലഭിച്ച രണ്ട് വ്യക്തികളും കോഴിക്കോട് ജില്ലയിൽ പതിനൊന്ന് വ്യക്തികളും അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിൽ വൈമനസ്യം കാട്ടിയിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

e.k.v. kumar

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**